# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| മാർച്ച് 23<br>March 23 | 2020 |
|---|---|

**1195 മീനം 10 തിങ്കൾ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

## നെഹ്രു യുവ കേന്ദ്ര ഓഫീസുകൾക്ക് മാർച്ച് 31 വരെ അവധി

കേന്ദ്ര സർക്കാരിന്റെ നിർദേശാനുസരണം നെഹ്രു യുവകേന്ദ്രയുടെ സംസ്ഥാന- ജില്ലാ ഓഫീസുകൾക്ക് മാർച്ച് 31 വരെ അവധി പ്രഖ്യാപിച്ചു. കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി പൊതുജന സന്ദർശനങ്ങൾ ഒഴിവാക്കുന്നതിനാണ് ഓഫീസുകൾ അടച്ചിടുന്നത്. അത്യാവശ്യ കാര്യങ്ങൾക്ക് ജില്ലാ ഓഫീസറെ ഫോണിൽ ബന്ധപ്പെടാം.

(പിഎൻപി 1319/20)

## പമ്പാ അണക്കെട്ട് തുറക്കും

ശബരിമല ഉത്സവത്തോട് അനുബന്ധിച്ച് പമ്പാ ത്രിവേണി സരസിലും ആറാട്ടുകടവിലും അനുബന്ധ കടവുകളിലും ജലലഭ്യത ഉറപ്പാക്കുന്നതിന് പമ്പാ അണക്കെട്ടിൽ നിന്നും മാർച്ച് 28 മുതൽ ഏപ്രിൽ ഏഴ് വരെ പ്രതിദിനം 25000 ഘന അടി എന്ന തോതിൽ ജലം തുറന്ന് വിടുന്നതിന് കർശന നിബന്ധനകളോടെ അനുമതി നൽകി ജില്ലാ കളക്ടർ പി.ബി.നൂഹ് ഉത്തരവായി.

(പിഎൻപി 1320/20)

## പരിശോധന മാറ്റി

ഈ മാസം 27ന് ആറന്മുള സത്രത്തിൽ നടത്താനിരുന്ന ആറന്മുള പഞ്ചായത്തിലെ വ്യാപാരികളുടെ ത്രാസുകളുടെ പരിശോധന, പത്തനംതിട്ട ലീഗൽ മെട്രോളജി ഓഫീസിൽ നടത്താനിരുന്ന ആട്ടോമീറ്റർ പരിശോധന തുടങ്ങിയവ മാറ്റിവച്ചതായി ലീഗൽ മെട്രോളജി അധികൃതർ അറിയിച്ചു.

(പിഎൻപി 1321/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

മാർച്ച് 23

**March 23**

**2020**

**1195 മീനം 10 തിങ്കൾ**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**വില്ലേജ് ഓഫീസുകളിൽ പൊതുജനങ്ങൾ**
**നേരിട്ട് എത്തുന്നത് ഒഴിവാക്കണം: ജില്ലാ കളക്ടർ**

സംസ്ഥാനത്ത് കോവിഡ് 19 രോഗബാധയുടെ വ്യാപനം മൂന്നാം ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന സാഹചര്യത്തിൽ ജില്ലയിൽ വില്ലേജ് ഓഫീസ് വഴി ലഭ്യമാകുന്ന സേവനങ്ങൾക്കായി പൊതുജനങ്ങൾ ഓൺലൈൻ സംവിധാനങ്ങൾ പരമാവധി ഉപയോഗിക്കണ് ജില്ലാ കളക്ടർ പി.ബി.നൂഹ് നിർദേശിച്ചു. ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യങ്ങളിലല്ലാതെ വില്ലേജ് ഓഫീസുകളിൽ പൊതുജനങ്ങൾ നേരിട്ട് എത്തുന്നത് ഒഴിവാക്കണമെന്നും ജില്ലാ കളക്ടർ പി.ബി.നൂഹ് നിർദേശിച്ചു. ജില്ലയിലെ വില്ലേജ് ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി പൊതുജനങ്ങൾ അധികമായി എത്തിച്ചേരുന്നതു ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണു ജില്ലാ കളക്ടർ നിർദേശം പുറപ്പെടുവിച്ചിട്ടുള്ളത്. വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കേ പ്രധാനപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈൻ വഴി ലഭ്യമാണ്.

(പിഎൻപി 1322/20)

**ബ്രേയ്ക് ദ ചെയിൻ: അണുവിമുക്ത പ്രവർത്തനവുമായി**
**അഗ്നിശമന സേന**

കോവിഡ് 19 വൈറസ് നിയന്ത്രണത്തിന്റെ ഭാഗമായി അഗ്നിശമനസേനയുടെ നേതൃത്വത്തിൽ പത്തനംതിട്ട കളക്ടറേറ്റും പരിസരവും സോഡിയം ഹൈപ്പോ ക്ലോറേറ്റ് ലായനി ഉപയോഗിച്ച് അണുവിമുക്തമാക്കി.

പത്തനംതിട്ട കളക്ടറേറ്റിൽ എല്ലാ നിലകളിലും പാസേജുകൾ, സ്റ്റെയർ കേസുകൾ, എ.ടി.എം കൗ ർ, ആളുകൾ സ്പർശിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ എന്നിവ അഗ്നിശമന സേനയും സിവിൽ ഡിഫൻസ് വോള ിയർമാരും അടങ്ങുന്ന 16 അംഗ സംഘം അണുനാശിനി ഉപയോഗിച്ച് ശുചീകരിച്ചു. പത്തനംതിട്ട നഗരത്തിലെ വെയിറ്റിങ് ഷെഡുകളിലും എ.ടി.എം കൗ റുകളിലും ആർ.ടി.ഓഫീസിലും അഗ്നിശമന സേനയുടെ അണുവിമുക്ത പ്രവർത്തനം തുടർന്നു.

കോവിഡ് 19 പ്രതിരോധനടപടിയുടെ ഭാഗമായി ബ്രേയ്ക്ക് ദ ചെയിൻ കാമ്പയിനിൽ ആരോഗ്യപ്രവർത്തകരുമായി ചേർന്ന് അഗ്നി രക്ഷാ സേനയുടെ കേരള സിവിൽ ഡിഫൻസ് ടീമും അണുവിമുക്ത പ്രവർത്തങ്ങളുടെ ഭാഗമായത്.

വീണാ ജോർജ്ജ് എം.എൽ എയുടെ ശ്രമഫലമായി പത്തനംതിട്ട നിലയത്തിൽ പുതുതായി ലഭിച്ച ഫസ്റ്റ് റെസ്പോ ് വെഹിക്കിൾ എന്ന അത്യാധുനിക വാഹനമാണ് അണുനാശിനി സ്പ്രേ ചെയ്യാനായി ഉപയോഗിച്ചത്. സോഡിയം ഹൈപ്പോ ക്ലോറേറ്റ് ലായനി നേർപ്പിച്ചാണ് അണുനാശിനിയായി ഉപയോഗിച്ചത്.

പത്തനംതിട്ട ഫയർ സ്റ്റേഷൻ ഓഫീസർ വി.വിനോദ് കുമാറിന്റെ നേതൃത്വത്തിൽ ഗ്രേഡ് അസി.സ്റ്റേഷൻ ഓഫീസർ സി.ഡി റോയി, എസ്.കെ. അജിത് കുമാർ എന്നിവരടങ്ങുന്ന ഒൻപത് അംഗ ഫയർ ആന്റ് റെസ്ക്യൂ സംഘവും ബിജു കുമ്പഴ, മഞ്ജു വിനോദ്, ആൽബിൻ വർഗ്ഗീസ്, അഭിഷേക്, സജിൻ സാം, അമൃത രാജ് എന്നിവർ അടങ്ങുന്ന ആറംഗ കേരള സിവിൽ ഡിഫൻസ് വോളന്റിയേഴ്സും ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി.

***ഫോട്ടോ അടിക്കുറിപ്പ്: ഫയർഫോഴ്സ്:-***

കോവിഡ് 19 വൈറസ് നിയന്ത്രണത്തിന്റെ ഭാഗമായി അഗ്നിശമനസേനയുടെ നേതൃത്വത്തിൽ പത്തനംതിട്ട കളക്ടറേറ്റും പരിസരവും സോഡിയം ഹൈപ്പോ ക്ലോറേറ്റ് ലായനി ഉപയോഗിച്ച് അണുവിമുക്തമാക്കുന്നു.

(പിഎൻപി 1323/20)

## കോവിഡ് 19: വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യാൻ അക്ഷയ സംരംഭകരും

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ അക്ഷയ സംരംഭകർ മുഖേന വയോജനങ്ങളുടെയും കിടപ്പുരോഗികളുടെയും വിവരങ്ങളുടെ ഡിജിറ്റൽ ഡാറ്റാബെസ് തയാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. അക്ഷയ സംരംഭകർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിലെത്തി പാലിയേറ്റീവ് രജിസ്റ്ററുകളിലെയും എൻ.സി.ഡി രജിസ്റ്ററുകളിലെയും വിവരങ്ങൾ ശേഖരിച്ച് സംസ്ഥാന ഐ.ടി മിഷൻ തയാറാക്കിയ പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യുന്ന പ്രവർത്തനമാണ് നടക്കുന്നത്. ഡേറ്റാബേസ് നടപടികൾ ആരംഭിച്ച് ര ു ദിവസങ്ങൾക്കുള്ളിൽ 15000 പേരുടെ വിവരങ്ങൾ അപ്ലോഡ് ചെയ്തുകഴിഞ്ഞു. ജില്ലയിലെ അക്ഷയ സംരംഭകർ വിവരങ്ങൾ ശേഖരിച്ച് അവധി ദിവസങ്ങളിലും വീടുകളിലിരുന്ന് ധൃതഗതിയിൽ ഡേറ്റാ എൻട്രി പൂർത്തീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്.

(പിഎൻപി 1324/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 23<br>March 23 | 2020 |
|---|---|

**1195 മീനം 10 തിങ്കൾ**

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കൂടിക്കാഴ്ച മാറ്റിവച്ചു**

റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ സഹായി കേന്ദ്രത്തിലേക്ക് ഡേറ്റ എൻട്രി ഓപ്പറേറ്ററെ തെരഞ്ഞെടുക്കുന്നതിനായി 26ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നടത്താനിരുന്ന കൂടിക്കാഴ്ച കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. (പിഎൻപി 1322/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| മാർച്ച് 23<br>March 23 | 2020 |
|---|---|

**1195 മീനം 10 തിങ്കൾ**

## പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


### പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് 306 കോടി രൂപയുടെ ബജറ്റ്

ജില്ലാ പഞ്ചായത്തിന് 2020-21 സാമ്പത്തിക വർഷത്തേക്ക് 306 കോടി രൂപയുടെ ബജറ്റ്. 306,61,10,302 കോടി രൂപയുടെ ബജറ്റാണ് പാസാക്കിയത്. വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊ ൂർ അവതരിപ്പിച്ച ബജറ്റിൽ പി.എ.യു വിഭാഗത്തിന്റെ 176,98,78,000 രൂപയുടെ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടെയാണിത്. ആകെ 306,61,10,302 കോടി രൂപയുടെ വരവും 304,88,36,800 കോടി രൂപയുടെ ചെലവും 1,72,73,502 രൂപയുടെ നീക്കിയിരിപ്പുമാണ് ബജറ്റിൽ.

കോവിഡ്-19 പോലുള്ള വൈറസ് രോഗങ്ങൾ ജില്ലയിൽ വ്യാപകമാകുന്ന സാഹചര്യത്തിൽ ആരോഗ്യമേഖലയുടെ സംരക്ഷണത്തിനാണ് ബജറ്റിൽ മുൻതൂക്കം നൽകിയിരിക്കുന്നത്. ഇപ്പോഴത്തെ ഭരണസമിതി 2015-ൽ അധികാരമേറ്റശേഷമുള്ള അഞ്ചാമത്തെയും അവസാനത്തേയും ബജറ്റാണിത്.

***ബജറ്റിലെ പ്രധാന പദ്ധതികളും നിർദേശങ്ങളും ഇവയാണ്.***

**കാർഷിക മേഖല - 9,50,00,000/ (ഒമ്പതു കോടി അമ്പത് ലക്ഷം)**

1. നെൽ കർഷകരെ സഹായിക്കുന്നതിനുള്ള പൊൻകതിർ പദ്ധതി തുടരും.
2. കൃഷി യന്ത്രങ്ങൾ കൈകാര്യം ചെയ്യുന്നതിന് തൊഴിലാളികൾക്ക് പരിശീലനം നൽകി കാർഷിക കർമ്മസേന രൂപീകരിക്കും.
3. സുഫലം, സമഗ്രവാഴക്കൃഷി, തെങ്ങുകൃഷി എന്നിവ പ്രോത്സാഹിപ്പിക്കും.

4. പഴം–പച്ചക്കറി വിപണനകേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങും.
5. കൊടുമൺ റൈസ് പോലുള്ള പഞ്ചായത്ത് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

**മൃഗസംരക്ഷണം, ക്ഷീരവികസനം – 2,20,00,000/(ര ു കോടി ഇരുപത് ലക്ഷം)**

1. പാലിന് സബ്സിഡി, മിൽക്ക് ട്രാൻസ്പോർട്ടേഷൻ അസിസ്റ്റൻസ് എന്നിവ നൽകും.
2. പഞ്ചായത്തുകളിൽ ആനിമൽ ക്രമറ്റോറിയം സ്ഥാപിക്കും.
3. മിഷൻ നന്ദിനി, എ.ബി.സി പ്രോഗ്രാം എന്നിവ തുടരും.
4. കറവപ്പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫ ് നൽകും

**മത്സ്യകൃഷി വികസനം – 16,00,000/ (പതിനാറ് ലക്ഷം)**

1. അക്വാ സ്റ്റോർ സ്ഥാപിക്കും.
2. തരിശുപാടശേഖരങ്ങളിലും പാറക്കുളങ്ങളിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കും.

**ആരോഗ്യ പരിപാലനം– 14,25,00,000/ (പതിനാലു കോടി ഇരുപത്തി അഞ്ച് ലക്ഷം)**

1. ജില്ലാ ആശുപത്രിയിൽ സ്ഥിരം ഐസലേഷൻ വാർഡ് സ്ഥാപിക്കും.
2. ജില്ലാ ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കും.
3. ജില്ലയിൽ ട്രൈബൽ ഹോമിയോ മൊബൈൽ യൂണിറ്റ് പദ്ധതി ആരംഭിക്കും.
4. കൊറ്റനാട് ജില്ലാഹോമിയോ ആശുപത്രിയിൽ കെട്ടിട നിർമ്മാണം, ലിഫ്റ്റ് നിർമ്മാണം.
5. സീതാലയം, സദ്ഗമയ പദ്ധതികൾ തുടരും.
6. എച്ച്.ഐ.വി, ടി.ബി രോഗികൾക്ക് പോഷകാഹാര വിതരണം തുടരും.
7. വൈറസ് രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള സാനിറ്റൈസേഷൻ, മാസ്ക് മുതലായവ വാങ്ങിനൽകും.
8. ഡി.എം.ഒമാർക്ക് ആവശ്യമായ വിഹിതം നൽകും.
9. മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസുകളും നടത്തും.

**വിദ്യാഭ്യാസ സംരക്ഷണം– 9,65,45,500/ (ഒമ്പത് കോടി അറുപത്തി അഞ്ച് ലക്ഷത്തി നാല്പത്തയ്യായിരത്തി അഞ്ഞൂറ്)**

1. സ്കൂളുകളിൽ ക്ലീൻ ടോയ്‌ലറ്റ് പദ്ധതി, ഹെൽത്ത് ക്ലബ്, യോഗാ ക്ലാസുകൾ എന്നിവ നടപ്പാക്കും.
2. കൈത്താങ്ങ് വരുന്ന അധ്യയനവർഷം പ്ലസ് വൺ വിദ്യാർഥികൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാകും.
3. വിദ്യാവിനോദം പരീക്ഷാപരിശീലന പദ്ധതി ആരംഭിക്കും.
4. സ്കൂളുകളിൽ പ്ലസ്ടു തലത്തിൽ സ്നേഹാമൃതം പദ്ധതി ആരംഭിക്കും (ഒരു നേരത്തെ സൗജന്യ ഭക്ഷണ വിതരണം)
5. അങ്കണവാടികൾക്കും ക്രഷുകൾക്കും സഹായം.
6. സഫലം പദ്ധതി ഹൈസ്കൂളുകൾ കുട്ടികൾക്കുവേ ി നടപ്പാക്കും.
7. ക്ലാസ് റൂം ലൈബ്രറികൾ ഉ ാക്കും.

**ഭവന നിർമ്മാണം – 8,50,00,000/ (എട്ട് കോടി അമ്പത് ലക്ഷം)**

1. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടതും ഇതേവരെ വീട് ലഭിക്കാത്തതുമായ പട്ടികജാതി–പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരിട്ട് ഭവനനിർമ്മാണത്തിനുള്ള സഹായം സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം നേരിട്ട്നൽകും.
2. ലൈഫ്മിഷൻ പദ്ധതിയിലൂടെയുള്ള ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം തുടരും (ജനറൽ/എസ്.സി/എസ്.ടി)
3. സാമൂഹിക പഠനമുറി നിർമ്മിച്ചു നൽകും.

**പൊതുമരാമത്ത് – 47,55,50,000/ (നാൽപത്തിയേഴ് കോടി അമ്പത്തിഅഞ്ച് ലക്ഷത്തി അമ്പതിനായിരം)**

1. റീ ടാറിംഗ്, ഐറീഷ് ഡ്രെയിൻ, ഓട, കലുങ്ക്, സംരക്ഷണ ഭിത്തി തുടങ്ങിയവ നിർമ്മിക്കും.

**തൊഴിൽമേഖല – 177,25,00,000/ (നൂറ്റി എഴുപത്തിയേഴുകോടി ഇരുപത്തി അഞ്ച് ലക്ഷം)**

1. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ 39,78,299 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കും. 57,625 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

**കുടിവെള്ളം 5,00,00,000/ (അഞ്ച് കോടി)**

1. 53 ഗ്രാമപഞ്ചായത്തുകളിലും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ
കിണർ റീചാർജിംഗ്, ടാങ്കുകളും മോട്ടറുകളും സ്ഥാപിക്കും.

**ഹരിത കേരളമിഷനുമായി ചേർന്ന് ജലഗുണ പരിശോധന ലാബ് പദ്ധതി**

ജില്ലയിലെ 53 ഗ്രാമപഞ്ചായത്തിലേയും കെമസ്ട്രി ലാബുകൾ ഉള്ള സർക്കാർ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾ കേന്ദ്രീകരിച്ച് ജലഗുണ പരിശോധന ലാബ് പദ്ധതി ഹരിത കേരളമിഷനുമായി ചേർന്ന് നടപ്പാക്കുവാൻ ലക്ഷ്യമിടുന്നു.

**മണ്ണ്–ജല സംരക്ഷണം, തോട് നവീകരണം– 2,40,13,803/ (ര ുകോടി നാല്പതു ലക്ഷത്തി പതിമൂവായിരത്തി എണ്ണൂറ്റി മൂന്ന്)**

1. തോട് നവീകരണം – സുജലം പദ്ധതി തുടരും

**പട്ടികജാതി വികസനം 11,58,61,000/ (പതിനൊന്ന് കോടി അമ്പത്തി എട്ട് ലക്ഷത്തി അറുപത്തോരായിരം )**

1. വിദ്യാർത്ഥികൾക്ക് സാമൂഹിക പഠന മുറി, കൗൺസലിംഗ് എന്നിവ നടത്തും.
2. ഭവന നിർമ്മാണം സഹായംതുടരും.
3. വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതി.
4. സൗജന്യ ഗാർഹിക കുടിവെള്ള കണക്ഷൻ.
5. കോളനികളിൽ മണ്ണ് സംരക്ഷണ ഭിത്തി.
6. റോഡ് നവീകരണം, സമ്പൂർണ്ണ വൈദ്യുതീകരണം.
7. വയോജനങ്ങൾക്ക് സൗജന്യ മരുന്ന് വിതരണം.

**പട്ടികവർഗ ക്ഷേമം 58,50,000/(അമ്പത്തി എട്ടു ലക്ഷത്തി അമ്പതിനായിരം)**

1. ഭവന നിർമ്മാണ സഹായം.
2. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിതരണവും.
3. ബോധവത്ക്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പ്.
4. ട്രൈബൽ മൊബൈൽ ഹോമിയോ യൂണിറ്റ്.
8. സാമൂഹ്യപഠനമുറി, വൈദ്യുതി, കുടിവെള്ളം, മണ്ണുസംരക്ഷണം.

**ഭിന്നശേഷി ക്ഷേമം- 2,22,40,000/(ര ് കോടി ഇരുപത്തിര ് ലക്ഷത്തി നാൽപതിനായിരം)**

1. സ്കൂളുകളിൽ ഇവർക്കായി ഭിന്നശേഷി സൗഹൃദ ശുചിമുറികളും, ക്ലാസ് മുറികളിലേയ്ക്ക് കയറുന്നതിനുള്ള റാമ്പുകളും നിർമ്മിച്ചു നൽകും.
2. വനിതകൾക്ക് കുടുംബശ്രീ മുഖേന സ്വയംതൊഴിൽ പദ്ധതികൾക്ക് സഹായം.
3. ട്രൈ സ്കൂട്ടർ, ലാപ്ടോപ്പ്, ശ്രവണസഹായ ഉപകരണങ്ങൾ, വാക്കിംഗ് സ്റ്റിക്ക്, ബ്രെയിലി ഉപകരണങ്ങൾ തുടങ്ങിയവ നൽകും.

**വൃദ്ധജനക്ഷേമം - 1,80,00,000/ (ഒരു കോടി എൺപതു ലക്ഷം)**

1. സൗജന്യമരുന്നു വിതരണം.
2. പാലിയേറ്റീവ് ഹോം സർവീസ്.
3. പകൽവീട് പദ്ധതിക്ക് സഹായം പരിഗണിക്കും.

**സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം- 3,89,50,000/ (മൂന്നു കോടി എൺപത്തി ഒമ്പത് ലക്ഷത്തി അമ്പതിനായിരം )**

1. സ്ത്രീ ശാക്തീകരണം, കുടുംബശ്രീയെ ശക്തിപ്പെടുത്തൽ.
2. സ്വയംതൊഴിൽ പരിശീലനം.
3. പാലിയേറ്റീവ് കെയർ.
4. അങ്കണവാടി, ക്രഷുകൾ എന്നിവയ്ക്ക് ധനസഹായം
5. ഷീ ടോയ്‌ലറ്റ് നിർമ്മാണം, ശുചീകരണം

**ചെറുകിട വ്യവസായം 93,00,000/ (തൊണ്ണൂറ്റി മൂന്ന് ലക്ഷം)**

1. വായ്പാ സഹായം
2. പ്രകൃതി മിത്രം പദ്ധതി - തുണി സഞ്ചി നിർമ്മാണ പരിശീലനവും വിപണനവും

**ഊർജ്ജ വികസനം 1,10,00,000/ (ഒരു കോടി പത്ത് ലക്ഷം)**

1. കെ.എസ്.ഇ.ബിയുടെ സഹകരണത്തോടെ സോളാർ പാനൽ സ്ഥാപിക്കൽ.
2. തെരുവു വിളക്കുകൾക്കുള്ള ലൈൻ എക്സ്റ്റൻഷൻ തുടരും.

**സ്പോർട്സ് - യുവജനക്ഷേമം - 1,00,00,000/ (ഒരു കോടി)**

1. സ്കൂളുകളിൽ മിനി ജിംനേഷ്യം, യോഗാക്ലാസുകൾ, സ്പോർട്സ് ഉപകരണങ്ങൾ, കളിസ്ഥല നവീകരണം.
2. ലഹരിവിമുക്ത ബോധവത്ക്കരണം.
3. പൊതുസ്ഥലങ്ങളിൽ വ്യായാമ കേന്ദ്രങ്ങൾ.

**വിനോദം- കല- സാഹിത്യം സാംസ്കാരിക വിഭാഗം 1,68,00,000/ (ഒരു കോടി അറുപത്തി എട്ട് ലക്ഷം രൂപ)**

1. അയിരൂർ കഥകളി ഗ്രാമം, ആറന്മുള വഞ്ചിപ്പാട്ട് കളരി എന്നിവയ്ക്കുള്ള ഗ്രാന്റ് തുടരും.
2. ഗ്രന്ഥശാലകളുടെ നവീകരണം.
3. പടയണി, വേലകളി തുടങ്ങിയ പ്രാചീന കലാരൂപങ്ങളുടെ പ്രോത്സാഹനം.
4. ജില്ലാ കേരളോത്സവം.
5. നാലുമണിക്കാറ്റ് പദ്ധതി തുടരും.

**ശുചിത്വം - മാലിന്യ സംസ്ക്കരണം 3,30,00,000/ (മൂന്ന് കോടി മുപ്പതു ലക്ഷം)**

1. ശ്മശാന നവീകരണം.
2. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ.
3. അനിമൽ ക്രിമറ്റോറിയം.
4. ആധുനിക മീറ്റ് പ്ലാന്റ്.
5. ക്ലീൻ പമ്പാപദ്ധതി

**ഓഫീസ് നിർവഹണം 2,04,00,000/ (ര  ു കോടി നാല് ലക്ഷം)**

1. ജില്ലാ പഞ്ചായത്ത് ഓഫീസ് നവീകരണം.
2. വെർച്വൽ ക്ലാസ് റൂം, ലൈബ്രറി, റെക്കാർഡ് റൂം തുടങ്ങിയവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷന്മാരായ എലിസബത്ത് അബു, കെ.ജി അനിത, റെജിതോമസ്, ലീലാ മോഹൻ, അംഗങ്ങളായ പി.വി വർഗീസ്, എസ്.വി സുബിൻ, ആർ.ബി രാജീവ്കുമാർ, ടി. മുരുകേശ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജോൺസൺ പ്രേംകുമാർ എന്നിവർ പ്രസംഗിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: ബജറ്റ്:-***
ജില്ലാ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊ  ൂർ അവതരിപ്പിക്കുന്നു.

(പിഎൻപി 1325/20)

## വീടുകളിൽ നിരീക്ഷണത്തിലുള്ളവർക്ക് അവശ്യസാധനങ്ങളെത്തിച്ച് ഗ്രാമപഞ്ചായത്തുകൾ

കൊറോണ മുൻകരുതലിന്റെ ഭാഗമായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്ക് വിവിധ ഗ്രാമപഞ്ചായത്തുകൾ 238 കുടുംബങ്ങളിലെ 636 പേർക്ക് അവശ്യവസ്തുക്കൾ അടങ്ങിയ കിറ്റ് എത്തിച്ചു നൽകി. അരി, പഞ്ചസാര, കുടിവെള്ളം, സോപ്പ്, സോപ്പുപൊടി എന്നിവയുൾപ്പെട്ട കിറ്റാണ് നൽകുന്നത്. മരുന്ന് ഒഴികെയുള്ള അവശ്യസാധനങ്ങൾ നിരീക്ഷണത്തിലുള്ളവരുടെ ആവശ്യപ്രകാരം ലഭ്യതയ്ക്കനുസരിച്ച് പഞ്ചായത്തുകൾ എത്തിച്ചു നൽകുന്നു  ്.

മരുന്നുകൾ പോലെയുള്ള അവശ്യവസ്തുക്കൾ എത്തിക്കുന്നത് ആരോഗ്യവകുപ്പ് ജീവനക്കാരാണ്. കൂടാതെ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്കായി സന്നദ്ധ

സംഘടനകളും പ്രസ്ഥാനങ്ങളും വ്യക്തികളും നൽകുന്ന അവശ്യസാധനങ്ങൾ ജില്ലാഭരണകൂടം ശേഖരിച്ചും ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നു ്. ഇത്തരത്തിൽ ഇന്നലെവരെ (മാർച്ച് 23) 261 കുടുംബങ്ങൾക്കാണ് ജില്ലാഭരണകൂടം അവശ്യസാധനങ്ങൾ എത്തിച്ചു നൽകിയത്. ദിവസങ്ങളോളം ഉപയോഗിക്കാവുന്ന കിറ്റ് രൂപത്തിലാണു സാധനങ്ങൾ എത്തിക്കുന്നത്. കൂടാതെ നിരീക്ഷണത്തിലുള്ളവരുടെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്തുകൾ പാചകവാതക സിലി റുകളും എത്തിച്ചു നൽകുന്നു ്.

(പിഎൻപി 1326/20)




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മാർച്ച് 23

March 23

2020

1195 മീനം 10 തിങ്കൾ

# പത്രക്കുറിപ്പ് -5

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**പാറമടകളുടേയും ക്രഷർ യൂണിറ്റുകളുടേയും
പ്രവർത്തനം 31 വരെ താത്കാലികമായി നിരോധിച്ചു**

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ പാറമടകളുടേയും ക്രഷർ യൂണിറ്റുകളുടേയും പ്രവർത്തനം ഇന്നു(24) മുതൽ ഈ മാസം 31 വരെ താത്കാലികമായി നിരോധിച്ചതായി ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു. ജില്ലയിൽ ഒൻപതുപേർക്ക് കോവിഡ് 19 സ്ഥിരീകരിച്ചശേഷം നിലനിൽക്കുന്ന അടിയന്തര സാഹചര്യത്തിൽ പാറമടകളുടേയും ക്രഷർ യൂണിറ്റുകളുടേയും പ്രവർത്തനംമൂലം പൊതുജനങ്ങൾ കൂട്ടംകൂടുന്നത് ഒഴിവാക്കുന്നതിനും സംസ്ഥാന സർക്കാർ ഭാഗിക ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിലുമാണ് താത്കാലിത നിരോധനം ഏർപ്പെടുത്തിയത്.

രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾ കൂട്ടം കൂടുന്നതു നിരോധിച്ചിട്ടു ്. ജില്ലാ അതിർത്തികളിൽ പരിശോധന കർശനമാക്കിയിട്ടു ്. ജില്ലയിൽ അവശ്യസേവനങ്ങൾ ലഭ്യമാണെന്നും ജില്ലാ കളക്ടർ പറഞ്ഞു.

(പിഎൻപി 1328/20)

**ജില്ലയിലെ വ്യാപാരികളുമായി മുഖ്യമന്ത്രി
വീഡിയോ കോൺഫറൻസ് നടത്തി**

എല്ലാ ജില്ലകളിലേയും വ്യാപാരി വ്യവസായികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസ് നടത്തി. വ്യാപാരികൾ ആവശ്യവസ്തുക്കൾ പൊതുജനങ്ങളിൽ

എത്തിക്കുന്നതിനായി ഓൺലൈൻ മാർക്കറ്റിങ്ങും ഹോം ഡെലിവറിയും പ്രോത്സാഹിപ്പിക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി അവശ്യ സാധനങ്ങൾക്ക് ഓഡർ ചെയ്യാം. അവശ്യ വസ്തുക്കളുടെ ലഭ്യത അതത് ജില്ലകളിൽ ഉറപ്പാക്കണം. വ്യാപാരി വ്യവസായികളുടെ എല്ലാ സഹായവും സഹകരണവും പിന്തുണയും ഉ ാകണമെന്ന് മുഖ്യന്ത്രി അഭ്യർഥിച്ചു.

ജില്ലാ കളക്ടർ പി.ബി. നൂഹ്, ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ ഗ്രിഗറി കെ. ഫിലിപ്പ്, ഡി.എം.ഒ (ആരോഗ്യം) ഡോ.എ.എൽ ഷീജ, ഡി.പി.എം:ഡോ. എബി സുഷൻ, കേരള വ്യാപാരി വ്യവസായി പ്രസിഡന്റ് ബിജു വർക്കി, ട്രഷറർ പി.കെ. ജയപ്രകാശ്, കെ.എസ്.എസ്.ഐ.എ. പ്രസിഡന്റ് മോർളി ജോസഫ്, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി എബ്രഹാം പരുവാനിക്കൽ, കെ.വി.വി.ഇ.എസ് ജില്ലാ പ്രസിഡന്റ് എ.ജെ. ഷാജഹാൻ, ജില്ലാ ജനറൽ സെക്രട്ടറി കെ.ഇ മാത്യു, ഡി.ഐ.സി ജില്ലാ ജനറൽ മാനേജർ ഡി രാജേന്ദ്രൻ, കെ.എച്ച്.ആർ.എ ജില്ലാ സെക്രട്ടറി എ.വി ജാഫർ, കെ.എച്ച്.ആർ.എ പ്രതിനിധി എം.കെ. നന്ദകുമാർ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സെക്രട്ടറി ഷാജി മാത്യു, ഡി.ഐ.സി. ജില്ലാ പ്രതിനിധി ലിസിയമ്മ സാമുവേൽ, വി.വി.സി. പ്രതിനിധി എസ്.വി സാജൻ, വ്യാപാരി വ്യവസായി കോൺഗ്രസ് പ്രതിനിധി എസ്.പി സാജൻ എന്നിവർ കളക്ടറേറ്റിൽ നടന്ന വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: വിസി: –***

മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്ന ജില്ലയിലെ വ്യാപാരി വ്യവസായി പ്രതിനിധികളും ജില്ലാ കളക്ടർ പി.ബി നൂഹ് ഉൾപ്പെടെയുള്ളവരും.

(പിഎൻപി 1329/20)

## കോവിഡ് 19: വിവരങ്ങൾ വേഗത്തിൽ കൈമാറുന്നതിന് കോമ്പാറ്റ് ആപ്ലിക്കേഷൻ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് വേഗത്തിൽ വിവരങ്ങൾ കൈമാറുന്നതിനായി കോമ്പാറ്റ് (COM-BAT) എന്ന പുതിയ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ പരിചയപ്പെടുത്തുകയാണ് തിരുവല്ല മാക്ഫാസ്റ്റ് കോളജിലെ ജീവനക്കാരും വിദ്യാർഥികളും. ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നിർദേശപ്രകാരം കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തിരുവല്ല മാക്ഫാസ്റ്റ് കോളജിന്റെയും നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെയും ഐ.ടി മിഷന്റെയും സഹായത്തോടെയാണ് ഈ ആപ്ലിക്കേഷൻ നിർമിച്ചിരിക്കുന്നത്. നാലു ദിവസംകൊ ാണ് ആപ്ലിക്കേഷൻ യഥാർഥ്യമായത്.

ഉദ്യോഗസ്ഥരുടെ ഇ-മെയിൽ ഐഡിയിലൂടെ ലിങ്ക് ഉപയോഗിച്ച് കോമ്പാറ്റിന്റെ സഹായത്തോടെ ആരോഗ്യമന്ത്രിയുടെ ഫെയ്സ്ബുക്ക് പേജിലും സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാരുടെയും ഫെയ്സ്ബുക്ക് പേജിലും നേരിട്ട് എത്താൻസാധിക്കും. ജില്ലയിൽ കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 16 ടീമുകളിലെ അംഗങ്ങൾക്കും നേരിട്ട് വിവരങ്ങൾ കൈമാറാനും ഈ ആപ്പിലൂടെ സാധിക്കും. അഡ്മിൻ ആയിരിക്കും കോമ്പാറ്റ് ആപ്പ് നിയന്ത്രിക്കുന്നത്. 16 സംഘത്തിലുമുള്ളവരുടെ മൊബൈൽ നമ്പരുകളും ഇതിലു ്. ആപ്പിൽ നിന്ന് ഇവരെ വിളിക്കാനും മെസേജ് ചെയ്യാനുമുള്ള സൗകര്യവുമു ്. ആരുടെയും നമ്പർ ഫോണിൽ സേവ് ചെയ്യാതെ കൃത്യസമയത്തുതന്നെ വിവരങ്ങൾ കൈമാറാം. സംസ്ഥാനത്ത് മുഴുവനും ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിലാണ് ആപ്പ് നിർമിച്ചിരിക്കുന്നത്.

തിരുവല്ല മാക്ഫാസ്റ്റ് കോളജ് പ്രിൻസിപ്പൽ ഫാ.ഡോ.ചെറിയാൻ ജെ.കോട്ടയിൽ, ജില്ലാ കോ-ഓർഡിനേറ്റർ ഡോ.സുധീപ് ബി. ചന്ദ്രമന, എൻ.ഐ.സി ഓഫീസർ ജിജി ജോർജ്, ഐ.ടി മിഷൻ ജില്ലാ പ്രൊജക്ട് മാനേജർ ഷൈൻ ജോസ്, പ്രോജക്ട് ലീഡർ പവിൻരാജ് തടത്തിൽ, സോഫ്റ്റ്വെയർ ഡെവലപ്പർ ജെയ്മോൻ ജെയിംസ്, ഡെവലപ്മെന്റ് ഓഫീസർ സി.സജി പ്രൊജക്ട് ഡെവലപ്പിംഗ് മാനേജർ അജയ് കുര്യൻ തുടങ്ങിയവരുടെ പ്രയത്നത്തിലാണ് കോമ്പാറ്റ് ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഒരുക്കിയിരിക്കുന്നത്.

(പിഎൻപി 1330/20)






.

പത്തനംതിട്ട ജില്ല
കോവിഡ് 19  കൺട്രോൾ
സെൽ ബുള്ളറ്റിൻ
തീയതി.23.03.2020

...........................................................

.....................................

പത്തനംതിട്ട ജില്ലയിൽ ഇന്ന്(23) ഒരു കേസ് പോസിറ്റീവായി ക       ത്തി. ഇയാളെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം

ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ സാന്നിധ്യത്തിൽ കളക്ടറുടെ ചേമ്പറിൽ കൂടി.

ജനറൽ ആശുപത്രി പത്തനംതിട്ടയിൽ 10 പേരും, ജില്ലാ ആശുപത്രി കോഴഞ്ചേരിയിൽ മൂന്നു പേരും, നിലവിൽ ഐസൊലേഷനിൽ ഉ ്.

സ്വകാര്യ ആശുപത്രികളിൽ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ മൂന്നു പേർ ഐസൊലേഷനിൽ ഉ ്.

ആകെ 16 പേർ വിവിധ

ആശുപത്രികളിൽ നിരീക്ഷണത്തിൽ ഉ ്.

ഇന്ന്(23) പുതിയതായി നാലു പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

കഴിഞ്ഞ ന്യൂസ് ബുള്ളറ്റിനുശേഷം ഇതുവരെ ര ു പേരെക്കൂടി ഡിസ്ചാർജ് ചെയ്തിട്ടു ്. ഇതുൾപ്പെടെ ഇതുവരെ 61 പേരെ ഡിസ്ചാർജ് ചെയ്തു.

വീടുകളിൽ 366 പ്രൈമറി കോൺടാക്ടുകൾ നിരീക്ഷണത്തിൽ ആണ്. നിലവിൽ വിദേശത്തു നിന്നും

തിരിച്ചെത്തിയ 4199 പേർ വീടുകളിൽ നിരീക്ഷണത്തിലാണ്. ആകെ 4565 പേർ വീടുകളിൽ നിരീക്ഷണത്തിലാണ്.

സർക്കാർ മേഖലയിൽ 60 ബെഡ്ഡുകളും, സ്വകാര്യ മേഖലയിൽ 135 ബെഡ്ഡുകളും രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനായി സജ്ജീകരിച്ചിട്ടു ്.

ഇന്ന്(23) ജില്ലയിൽ നിന്നും 32 സാമ്പിളുകൾ ഉൾപ്പെടെ ആകെ 262 സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിട്ടു ്. കഴിഞ്ഞ

ബുള്ളറ്റിനുശേഷം 31 നെഗറ്റീവ് പരിശോധന ഫലം ലഭിച്ചിട്ടു ്.

ജില്ലയിൽ ഇന്നു(23)വരെ അയച്ച സാമ്പിളുകളിൽ 10 എണ്ണം പൊസിറ്റീവായും 153 എണ്ണം നെഗറ്റീവായും റിപ്പോർട്ട് ലഭിച്ചിട്ടു ്. 55 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

തിരുവല്ല റെയിൽവേ സ്റ്റേഷനിൽ 213 യാത്രക്കാരെയും, ബസ് സ്റ്റേഷനുകളിൽ 2004 യാത്രക്കാരെയും ഉൾപ്പെടെ ആകെ 2217 പേരെ സ്ക്രീൻ

ചെയ്തു. ഇതിൽ 277 പേർ ഇതര സംസ്ഥാനങ്ങളിൽ നിന്നുവന്നവരാണ്. ഇവരിൽ രോഗലക്ഷണങ്ങൾ കാണിച്ച ഒരാളെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു. 2300 പേർക്ക് ബോധവത്ക്കരണം നൽകി.

മറ്റ് രാജ്യങ്ങളിൽ നിന്നും വന്ന ഒരാളെ അടൂർ ബസ് സ്റ്റേഷനിൽ സ്ക്രീനിങ്ങിൽ ക    ത്തി. ഇയാളെ ഹോം ഐസൊലേഷനിൽ പ്രവേശിപ്പിച്ചു

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 122 കോളുകളും,

ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 124 കോളുകളും ലഭിച്ചു. രോഗം സ്ഥിരീകരിച്ചവരുടെ Spatiotemporal mapping ഉപയോഗിച്ചുള്ള പരിശോധനയിൽ ഇന്ന്(23) കോളുകൾ ഒന്നും ലഭിച്ചില്ല. വിദേശ രാജ്യങ്ങളിൽ നിന്ന് എത്തിയവരെ സംബന്ധിച്ച് 34 കോളുകൾ ലഭിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരെ സംബന്ധിച്ച് 40 കോളുകൾ ലഭിച്ചു. ക്വാറന്റൈനിൽ കഴിയുന്ന ആൾക്കാർ പുറത്തിറങ്ങി

നടക്കുന്നത് സംബന്ധിച്ച്
ര ു കോളുകൾ
ലഭിക്കുകയും വിവരം
ഉടൻതന്നെ എസ്.പി.
ഓഫീസിൽ അറിയിക്കുകയും
ചെയ്തു.

മൂന്നു ഗവൺമെന്റ്
ആരോഗ്യസ്ഥാപനങ്ങളിലും
ഒരു സ്വകാര്യ
ആശുപത്രിയിലും നടത്തിയ
പരിശീലന പരിപാടിയിൽ
ആകെ 37 ഡോക്ടർമാർ, 54
നഴ്സുമാർ, 84 മറ്റ് ജീവനക്കാർ
എന്നിവർ ഉൾപ്പെടെ 175
പേർക്ക് പരിശീലനം നൽകി.

104 അതിഥി

തൊഴിലാളികളെ ലേബർ വകുപ്പിന്റെ സഹകരണത്തോടുകൂടി സ്ക്രീനിംഗിന് വിധേയമാക്കി. ഇന്നേ(23)ദിസവം ആരിലും രോഗലക്ഷണങ്ങൾ ക     ത്തിയിട്ടില്ല.

വോളന്റിയർമാർ ഇന്ന്(23) ഗൃഹസന്ദർശന പരിപാടിയിൽ പങ്കെടുക്കുകയും, ആകെ 3445 വീടുകൾ സന്ദർശിക്കുകയും ചെയ്തു.

ഫയർഫോഴ്സും, ആരോഗ്യവകുപ്പും സംയുക്തമായി പത്തനംതിട്ട കളക്ട്രേറ്റും പരിസരവും

ശുചീകരിച്ചു.

ക്വാറന്റൈനിൽ കഴിയേ ആളുകൾ പുറത്തിറങ്ങി നടക്കുന്നതായി പൊതുജനങ്ങൾക്ക് വിവരം ലഭിക്കുകയാണെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസിലെ കൺട്രോൾ റൂമിൽ അറിയിക്കുന്നതിന് മാത്രമായി 9188297118, 9188294118 എന്നീ ര ് ഫോൺ നമ്പരുകൾ പ്രവർത്തിക്കുന്നു.

ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ദൈനംദിന അവലോകനയോഗം വൈകുന്നേരം ആറിന് ജില്ലാ

കളക്ടറുടെ ചേമ്പറിൽ നടന്നു.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മാർച്ച് 23

**March 23**

**2020**

**1195 മീനം 10 തിങ്കൾ**

# പത്രക്കുറിപ്പ് -8

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**പത്തനംതിട്ട ജില്ലയിൽ ഒരാൾക്ക്കൂടി കോവിഡ് 19 വൈറസ് സ്ഥിരീകരിച്ചു: ജില്ലാ കളക്ടർ**

പത്തനംതിട്ട ജില്ലയിൽ ഒരാൾക്ക്കൂടി കോവിഡ് 19 വൈറസ്ബാധ സ്ഥിരീകരിച്ചതായി ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു. വിദേശത്തുനിന്നെത്തി വീട്ടിൽ നിരീക്ഷണത്തിൽ കഴിയുകയായിരുന്ന വ്യക്തിയുടെ സാമ്പിൾ പരിശോധനാ ഫലമാണ് പോസിറ്റീവായത്.

ദോഹയിൽ നിന്ന് ഈ മാസം 20ന് പുലർച്ചെ ര ിന് തിരുവനന്തപുരം വിമാനത്താവളത്തിൽ ഖത്തർ എയർവേയ്സിന്റെ ക്യു.ആർ 506 വിമാനത്തിലാണ് യുവാവ് എത്തിയത്. 30.സി സീറ്റിലാണ് യാത്ര ചെയ്തത്. പുലർച്ചെ നാലിന് വെഞ്ഞാറംമൂടിലെ ഒരു റസ്റ്റോറന്റിൽ നിന്നും ഭക്ഷണം കഴിച്ചിരുന്നു. ഇദ്ദേഹത്തിനൊപ്പം വിമാനത്തിലു ായിരുന്ന 9 പത്തനംതിട്ട ജില്ലക്കാരെയും മറ്റു ജില്ലകളിൽ നിന്നുള്ള എട്ടുപേരെയും തിരിച്ചറിഞ്ഞിട്ടു ്. വിമാനത്തിൽ ഇദ്ദേഹത്തിന്റെ സീറ്റിന് മുന്നിലും പിന്നിലും മലയാളി കുടുംബങ്ങളു ായിരുന്നതായും ആരോഗ്യവകുപ്പിനെ അറിയിച്ചു ്.

നാട്ടിൽ എത്തിയാൽ ഹോം ഐസലേഷനിൽ കഴിയേ തു ന്ന് അറിഞ്ഞതിനാൽ വീട്ടിലെ കാറാണ് ഉപയോഗിച്ചത്. ഡ്രൈവർ മാത്രമാണു കാറിലു ായിരുന്നത്. വീട്ടിൽ ഒറ്റയ്ക്കാണ് കഴിഞ്ഞിരുന്നത്. ഭാര്യയെയും കുട്ടിയേയും നേരത്തെതന്നെ ബന്ധുവീട്ടിലേക്കു മാറ്റിയിരുന്നു. വീട്ടിലെത്തിയശേഷം ഇയാൾ പുറത്തുപോയിട്ടില്ല. 21ന് ചുമയും തൊ വേദനയും അനുഭവപ്പെട്ടതിനെ തുടർന്ന് ആരോഗ്യവകുപ്പിനെ വിവരം അറിയിച്ചു. തുടർന്ന് ആംബുലൻസിൽ ആരോഗ്യപ്രവർത്തകർ പത്തനംതിട്ട ജനറൽ ആശുപത്രിയിലെത്തിച്ചു പരിശോധനയ്ക്ക് സാമ്പിൾ എടുത്തശേഷം വീട്ടിൽ തന്നെ നിരീക്ഷത്തിൽ തുടരുവാൻ നിർദേശിക്കുക

യായിരുന്നു. ഇദ്ദേഹത്തിന് വീട്ടിൽ ഭക്ഷണവും എത്തിച്ചിരുന്നു. നിലവിൽ ഇയാളുമായി നേരിട്ട് സമ്പർക്കം പുലർത്തിയ 17 പേരെയും അല്ലാതെയുള്ള 20 പേരേയും ക   ത്തിയിട്ടു  ്.

(പിഎൻപി 1333/20)

## ആരോഗ്യവകുപ്പ് നിർദേശം ലംഘിച്ച 16 പേർക്കെതിരേ കേസ് എടുക്കാൻ നിർദേശം

കോവിഡ് 19 വൈറസ് നിയന്ത്രണത്തിന്റെ ഭാഗമായി വീടുകളിൽ നിരീക്ഷണത്തിലിരിക്കെ ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ ലംഘിച്ച 16 പേർക്കെതിരേ പുതിയതായി കേസ് എടുക്കുമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു. ഇവരുടെ ലിസ്റ്റ് പോലീസിന് കൈമാറുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ സ്ഥിതി വിലയിരുത്തുന്നതിനായി 902 സ്കോഡുകൾ 2879 വീടുകളിൽ പോയിരുന്നു. ഈ സന്ദർശനത്തിനിടെയാണ് വീടുകളിൽ കഴിയേ   16 നിർദേശം ലംഘിച്ചതായി ക   ത്തിയത്. ഹോം ഐസലേഷൻ നിർദേശലംഘിച്ചതിന് തഹസിൽദാർമാരുടെ സ്കോഡ് ഒൻപതുപേരുടെ ലിസ്റ്റും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഏഴു പേരുടെയും ലിസ്റ്റുമാണ് ജില്ലാ കളക്ടർക്ക് കൈമാറിയത്.

(പിഎൻപി 1334/20)




.